LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ജീവനക്കാരുടെ പെൻഷൻ വിഹിതം

147 [2274] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പ്രാഥമിക സംഘങ്ങളിലെ എത്ര ജീവനക്കാർ സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻ വിഹിതം അടയ്ക്കുന്നുണ്ട്;

(ബി) നാളിതുവരെ എത്ര പേർക്ക് പെൻഷൻ വിതരണം നടത്തിയിട്ടുണ്ട് എന്നും എന്ത് തുക പെൻഷൻ ബോർഡിൽ മിച്ചമുണ്ട് എന്നും വെളിപ്പെടുത്തുമോ;

(സി) സഹകരണ പെൻഷന് അർഹത ലഭിക്കുന്നത് ഏത് മാനദണ്ഡത്തിലാണ്; ഏറ്റവും കുറഞ്ഞ പെൻഷൻ തുക എത്ര; പെൻഷന് പരമാവധി പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) വി.ആർ.എസ്. പെൻഷൻകാർക്ക് കുടുംബ പെൻഷന് അർഹതയുണ്ടോ;

(ഇ) സംഘം മുഖേനയല്ലാതെ പെൻഷൻ വിഹിതം അടയ്ക്കുന്ന ജീവനക്കാരന് പെൻഷന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 30-6-2004-ലെ കണക്കുകൾ പ്രകാരം 2201 സംഘങ്ങളിലെ 20742 ജീവനക്കാർ.

(ബി) 30-6-2004-ലെ കണക്കുകൾ പ്രകാരം 2712 പേർക്ക് പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. വിവിധ ജില്ലാ ബാങ്കുകളിലായി 133.25 കോടി രൂപയുടെ സ്ഥിരനിക്ഷേപം നിലവിലുണ്ട്.

(സി) ജീവനക്കാർ സ്ഥിര ജീവനക്കാരൻ ആയിരിക്കണം; കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ടിൽ ചേർന്നിട്ടുള്ളവരുടെ മാനേജ്മെന്റ് വിഹിതം പെൻഷൻ ഫണ്ടിലേക്ക് വകമാറ്റേണ്ടതുണ്ട്; കുറഞ്ഞ പെൻഷൻ തുക 500 രൂപയാണ്; പരമാവധി തുക നിശ്ചയിച്ചിട്ടില്ല.

(ഡി) വി.ആർ.എസ്. പദ്ധതി നിലവിലില്ല. എന്നാൽ 20 കൊല്ലത്തെ സേവനമോ അമ്പത് വയസ്സോ കഴിഞ്ഞവർക്ക് റിട്ടയറിംഗ് പെൻഷൻ അനുവദിക്കുന്നുണ്ട്. അത്തരം കേസുകളിൽ ഫാമിലി പെൻഷന് അർഹതയില്ല.

(ഇ) അർഹതയില്ല.

സഹകരണ ജീവനക്കാർക്കുള്ള സ്വാശ്രയ പെൻഷൻ പദ്ധതി

148 [2275] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ജീവനക്കാർക്കുള്ള സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ഇ.പി.എഫ്. അംഗങ്ങളായ സഹകരണ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;